ശ്രീ. കെ. കൊച്ചുകുട്ടൻ : കേസിനെപ്പറ്റിയാണ് ചോദ്യം ; പല തിനെപ്പറ്റി വേറെ ചോദിച്ചാൽ ഉത്തരം പറയാം.

ക്ഷീരവ്യവസായം.

* 84. [23] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ക്ഷീരവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം എത്ര സഹകരണസംഘങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത സഹകരണസംഘങ്ങൾക്ക് ഗ്രാൻറുകൊടുക്കുന്ന പതിവുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഓരോ സഹകരണസംഘത്തിനും കഴിഞ്ഞ വർഷം എന്തു തുക ഗ്രാൻറായി കൊടുത്തു ;

(ഡി) ഇരവിപേരൂർ കോവപ്പറേറീവ് ഡെയറി ഫാമിൽ നിന്നും സഹായം അഭ്യർത്ഥിച്ചുകൊണ്ടു ഗവണ്മെൻറിനു നൽകിയ മെമ്മോറാണ്ടത്തിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ക്ഷീരവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 31 സഹകരണസംഘങ്ങൾ ഉണ്ട്.

(ബി) ഗ്രാൻറ് കൊടുക്കുന്ന പതിവുണ്ട്.

(സി) ഓരോ സഹകരണസംഘത്തിനും കഴിഞ്ഞ വർഷം കൊടുത്ത ഗ്രാൻറിൻറെ ഒരു † ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഡി) മെമ്മോറാണ്ടം ഗവണ്മെൻറിൻറെ അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. എം. എം. മത്തായി : ഇരവിപേരൂർ സഹകരണസംഘത്തിനു് എത്ര രൂപ ഗ്രാൻറ് കൊടുത്തിട്ടുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 300 രൂപ ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ശ്രീ. എം. പി. മത്തായി : മറ്റു സഹകരണസംഘങ്ങൾക്കു കൊടുത്തിട്ടുള്ളതിനെക്കാൾ ഇതിനു ഗ്രാൻറ് കുറവായി കൊടുക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മറ്റു സഹകരണസംഘങ്ങൾക്കു കൊടുത്തിട്ടുള്ളതിനെക്കാൾ കൂടുതലാണ് കൊടുത്തിട്ടുള്ളതു്.

ജയിൽ പരിഷ്കരണക്കമ്മിറ്റിയുടെ റിപ്പോർട്ട്.

* 85. [24] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ പരിഷ്കരണക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചുകഴിഞ്ഞിട്ടുണ്ടോ ;

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതനുസരിച്ചുള്ള പരിഷ്കാരങ്ങൾ എന്തെങ്കിലും തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെല്ലാം?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. സബ് ജയിലുകൾ തുറന്നിട്ടുണ്ട്. ബാക്കി പരിഷ്കാരങ്ങൾ ഓരോന്നായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എത്ര കാലമായി ഈ റിപ്പോർട്ട് ഗവണ്മെന്റിനു് ലഭിച്ചിട്ടു്?

ശ്രീ. എ. ജെ. ജാൻ : 2-6-1954-ൽ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമങ്ങൾ നിർമ്മിക്കേണ്ടതായിട്ടില്ലേ?

ശ്രീ. എ. ജെ. ജാൻ : ഇല്ല.

ശ്രീ. പി. പി. ജാർജ്ജ് : എത്രയെല്ലാം സ്ഥലങ്ങളിലാണ് ഈ സബ് ജയിലുകൾ തുറക്കാനുദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൻ : ഈ സംസ്ഥാനത്തു് 10 തേഡ് ക്ലാസ് സബ് ജയിലുകൾ തുറക്കണമെന്നാണ് ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ജയിൽ പരിഷ്കരണകമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷവും, അതിൽ വ്യക്തമായിട്ട് പറഞ്ഞിരുന്നിട്ടും തടവുകാരായി കഴിയുന്ന ക്ഷയരോഗബാധിതരെ ക്ഷയരോഗാശുപത്രിയിലേയ്ക്കു് അയയ്ക്കുന്നില്ല എന്നുള്ളതറിയാമോ?

ശ്രീ. എ. ജെ. ജാൻ : അതു സംബന്ധിച്ചുള്ള കടലാസ്സുകൾ എന്റെ കൈവശമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വേലായുധൻതമ്പി എന്നൊരു ക്ഷയരോഗിയെ ഇതുവരെ ക്ഷയരോഗാശുപത്രിയിലേയ്ക്കു് മാറ്റിയിട്ടില്ല എന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ : അതു സംബന്ധിച്ചുള്ള കടലാസ് എന്റെ കൈവശമില്ല. ഉണ്ടായിരുന്നെങ്കിൽ നോക്കി പറയാമായിരുന്നു. തിരുവിതാംകൂർ-കൊച്ചിയിൽ അനേകായിരം ആളുകൾ ക്ഷയരോഗബാധിതരാണ്. അവരെപ്പറ്റി എല്ലാം അന്വേഷിച്ചു പറയാൻ സാധ്യമല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ജയിലിനകത്തു് കിടക്കുന്ന ഒരു തടവുകാരനായ—അതും ഒരു രാഷ്ട്രീയതടവുകാരനെപ്പറ്റിയാണ് ചോദിച്ചതു്?

ശ്രീ. എ. ജെ. ജാൻ : അതിനന്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ലാക്കപ്പുകളെ സംബന്ധിച്ചല്ലാതെ മറ്റെന്തെങ്കിലും കാര്യങ്ങൾ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : 10 സബ് ജയിലുകൾ ഉണ്ടാക്കണമെന്ന് പറഞ്ഞിട്ടുള്ളതിൽ 6 എണ്ണം ഉണ്ടാക്കിക്കഴിഞ്ഞു. നാഗർകോവിൽ, തിരുവനന്തപുരം, എറണാകുളം, ഇരിഞ്ഞാലക്കുട, കൊല്ലം, ആലപ്പുഴ എന്നിങ്ങനെ ആറു സ്ഥലങ്ങളിലാണ്. ബാക്കി സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാകാത്തതുകൊണ്ടും സ്റ്റാഫ് കിട്ടാത്തതുകൊണ്ടുമാണ് നീട്ടിവച്ചിട്ടുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആ റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്ക് വയ്ക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ റിപ്പോർട്ടിലെ ശുപാർശകൾ എത്ര കാലംകൊണ്ട് നടപ്പിൽ വരും ?

ശ്രീ. എ. ജെ. ജാൺ : പുതിയ കെട്ടിടങ്ങളും ആവശ്യമുള്ള സ്റ്റാഫും ലഭിക്കുന്നതിന് കുറെ കാലതാമസം വരും.

ശ്രീ. എം. എം. മത്തായി : ഏതാനും ലാക്കപ്പുകൾ പുതിയതായി പണിയണമെന്ന് ശുപാർശ ചെയ്തിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : അതും ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ പോലീസ് സ്റ്റേഷന്റെ അടുത്തു വേണം സബ് ജയിലുകൾ എന്ന് വല്ല നിർബന്ധവും ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ ഞാൻ പറഞ്ഞില്ല.

ശ്രീ. കെ. സി. ജോർജ് : ഇൻറിം റിപ്പോർട്ടിലെ ശുപാർശകൾ മാത്രമല്ലേ ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. എ. ജെ. ജാൺ : അതെ.

ശ്രീ. കെ. സി. ജോർജ് : ഫൈനൽ റിപ്പോർട്ട് അനുസരിച്ചുള്ള ശുപാർശകൾ എന്നു നടപ്പിലാകും ?

ശ്രീ. എ. ജെ. ജാൺ : അതിനാവശ്യമായ പ്രൊവിഷൻസ് എല്ലാം ബഡ്ജറിൽ ചേർത്തു പാസ്സാക്കിയതിനുശേഷം അതെല്ലാം നടപ്പിലാകും.

ശ്രീ. കെ. സി. ജോർജ് : ആ റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്ക് വയ്ക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതിനു ഞാൻ നേരത്തെ ഉത്തരം പറഞ്ഞു.

അഴിമതി നിവാരണവകുപ്പ്.

*86. [25] ശ്രീ. ടി. എ. മജീദ് : തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സഭാസമക്ഷം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഴിമതി നിവാരണവകുപ്പിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ;

(ബി) അഴിമതി നിവാരണവകുപ്പിൽ ഈ മാറ്റം വരുത്തിയതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly